# Athmaraksha.org

പാപ്പ ലോകത്തിനു നൽകുന്ന സന്ദേശം

## യുദ്ധത്തിന് എതിരേയുള്ള മുന്നറിയിപ്പ് : മാർപാപ്പാ



വത്തിക്കാൻ സിറ്റി: യുദ്ധം നിരാകരിക്കാനും കൂട്ടക്കുരുതിചെയ്യുന്ന ആയുധങ്ങൾ നിരോധിക്കാനും മനുഷ്യരാശിക്കുള്ള സ്ഥിരമായ മുന്നറിയിപ്പാണ് ഹിരോഷിമയിലും നാഗസാക്കിയലും 70 വർഷം മുമ്പ് അണുബോംബിട്ട സംഭവമെന്നു ഫ്രാൻസിസ് മാർപാപ്പാ ത്രികാലജപ പ്രാർത്ഥനയ്ക്കുശേഷം വത്തിക്കാനിൽ തീർത്ഥാടകരെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

ഇപ്പോഴും ഭീതിയുണർത്തുന്ന അത്യന്തം ദുഃഖകരമായ സംഭവമാണ് രണ്ടിടത്തെ യും അണുബോംബ് സ്ഫോടനങ്ങൾ., യുദ്ധവും അക്രമവും വേണ്ട, ചർച്ചയും സമാധാനവും വേണം എന്ന് ഉച്ചത്തിൽ പറയാൻ ലോകജനത തയാറാവണമെന്നു മാർപാപ്പാ പറഞ്ഞു.